# കുട്ടികള്‍ക്കായുള്ള ബൈബിള്‍ അവതരണം



## യേശു പന്ത്ര് സഹായികളെ തിരഞ്ഞെടുക്കുന്നു

എഴുതിയത് : Edward Hughes

ഉദാഹരണം : Byron Unger; Lazarus

അംഗികരിച്ചത് : E. Frischbutter; Sarah S.

തര്ജ്ജിമ ചെയുതത് : Rev. Benny

Alastair Paterson

നിര്മ്മിച്ചത് : Bible for Children
www.M1914.org

©2020 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും
അധികാരം ഉണ്ട്.

യേശു അത്ഭുതങ്ങൾ ചെയ്തു. അവൻ രോഗികളെ സൗഖ്യമാക്കുകയും ഹൃദയത്തിലും മനസിലും ...



… വ്യാകുലപ്പെടുന്നവർക്ക് സമാധാനം നൽകുകയും ദൈവവചനം അവരെ പഠിപ്പിക്കുകയും ചെയ്തു.



സൗഖ്യത്തിനും സഹായത്തിനും വേി
മഹാപുരുഷാരം യേശുവിനു
ചുറ്റും കൂടി.



തന്നെ പിമ്പറ്റിയിരിക്കുന്ന ധാരാളമാളുകളിൽനിന്ന്, ദൈവത്തിന്റെ പ്രവൃത്തിക്കുവേി തന്നെ ...




... സഹായിക്കുന്നതിന് പന്ത്രുപേരെ
തിരഞ്ഞെടുക്കുവാൻ യേശു
തീരുമാനിച്ചു.


നിങ്ങളും ചില പ്രധാനപ്പെട്ട കാര്യങ്ങൾ
തിരഞ്ഞെടുക്കണമെങ്കിൽ
നിങ്ങൾ ദൈവത്തോട്
പ്രാർത്ഥിക്കുമോ?
യേശു പ്രാർത്ഥിച്ചു.
ശാന്തമായ ഒരു
മലമുകളിൽ കയറി
യേശു സ്വർഗീയ
പിതാവിനോട്
പ്രാർത്ഥിച്ചു.

സൂര്യൻ അസ്തമിക്കുന്നതുവരെയും യേശു പ്രാർത്ഥിച്ചുകൊിരുന്നു.




യേശു
രാത്രിമുഴുവനും
പ്രാർത്ഥിച്ചു.

രാവിലെ, യേശു തന്റെ പിൻഗാമികളെയെല്ലാം– തന്നെ അനുസരിക്കുകയും ...



... ശുശ്രൂഷിക്കുകയും ചെയ്യുന്ന സകല മിത്രങ്ങളെയും വിളിച്ചുകൂട്ടി.



അവരിൽനിന്നും പ്രത്യേക സഹായികളായി–
അപ്പോസ്തലന്മാരായി പന്ത്രുപേരെ
തിരഞ്ഞെടുത്തു.



യേശു ആദ്യം തിരഞ്ഞെടുത്ത രുപേർ സഹോദരന്മാരായിരുന്നു. ശിമോൻ പത്രോസും അന്ത്രയോസും.



യേശുവിനെ അനുഗമിക്കുവാൻ ആദ്യം യേശു അവരെ വിളിച്ചപ്പോൾ തന്നെ അവർ തങ്ങളുടെ മിൻപിടുത്തം ഉപേക്ഷിച്ചിരുന്നു.




സെബെദിയുടെ
പുത്രന്മാരായ
യോഹന്നാനും യാക്കോബും
യേശുവിന്റെകൂടെ
വരുവാൻ
തങ്ങളുടെ
വല ഉപേക്ഷിച്ചു.

ഫിലിപ്പോസ്, ബർത്തലോമിയോ, മത്തായി, തോമസ്, എരിവുകാരനായ ശിമോൻ, അല്ഫായിയുടെ മകൻ യാക്കോബ്, യാക്കോബിന്റെ സഹോദരൻ യൂദാ, ...



... ഒടുവിൽ കർത്താവിന്റെ ശത്രുവായിത്തീർന്ന ഇസ്ക്കരിയോത്ത യൂദാ എന്നിവരെയും യേശു തിരഞ്ഞെടുത്തു.





താൻ പറയുന്നത് കേട്ട്
അനുസരിക്കുന്നവനെല്ലാം
ആഴത്തിൽ
അടിസ്ഥാനമിട്ട് വീട്
പണിഞ്ഞവനോട്

തുല്യനാണെന്ന്
യേശു പഠിപ്പിച്ചു.

കൊടുങ്കാറ്റ്
വന്നാൽ ആ വീട്
നശിച്ചുപോകയില്ല.



എന്നാൽ യേശുവിന്റെ വാക്ക് കേട്ട്
അനുസരിക്കാത്തവൻ മണലിൻമേൽ
അടിസ്ഥാനമിട്ട് വീട് പണിഞ്ഞവന്
തുല്യനാണത്രേ. കൊടുങ്കാറ്റ് വന്നാൽ
ആ വീട് തരിപ്പണമായിപ്പോകും.



യേശുവിന്റെ ചില ഉപദേശങ്ങൾ വളരെ സരളമല്ലായിരുന്നു. “ഒരുവൻ നിന്റെ വലത്തെ ചെകിട്ടത്ത് അടിച്ചാൽ ഇടത്തേതുംകൂടെ കാട്ടിക്കൊടുക്കണം, ...



... നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ”
എന്നിങ്ങനെയാണ്
യേശു പഠിപ്പിച്ചത്.



യേശുവിനെപ്പോലെ
ജീവിക്കുവാൻ ദൈവത്തിന്റെ
സഹായം മനുഷ്യർക്ക്
ആവശ്യമാണ്.



പ്രാർത്ഥനയെക്കുറിച്ച് യേശു ജനങ്ങളെ
പഠിപ്പിച്ചത് ചില മതനേതാക്കന്മാർ
ചെയ്യുന്നതുപോലെ
മനുഷ്യരെ ...



... പ്രസാധിപ്പിക്കുവാനായിട്ടല്ല രഹസ്യത്തിൽ പ്രാർത്ഥിക്കുവാനാണ്.



ദൈവത്തിൽ
ആശ്രയിക്കുന്നവർക്ക്
ഭക്ഷിക്കുവാനും
ധരിക്കുവാനും വേത്
ദൈവം കൊടുക്കുമെന്ന് യേശു
പറഞ്ഞു.



പക്ഷികൾക്ക്
ഭക്ഷണം നൽകുകയും
പൂക്കൾക്ക് വിവിധ
നിറങ്ങൾ കൊടുക്കുകയും
ചെയ്യുന്ന ദൈവം, ...



... തന്നിൽ
ആശ്രയിക്കുന്ന
മനുഷ്യർക്കുവേി
എത്രയധികം കരുതൽ
ഉള്ളവനായിരിക്കും.



താൻ പുതിയതായി തിരഞ്ഞെടുത്ത സഹായികളെ യേശു ആ ദിവസം ധാരാളം പുതിയ കാര്യങ്ങൾ പഠിപ്പിച്ചു. അവൻ പറഞ്ഞുതീർന്നപ്പോൾ, തന്നെ സൗഖ്യമാക്കണമേ എന്ന് അപേക്ഷിച്ചുകൊ് ഒരു കുഷ്ടരോഗി യേശുവിന്റെ അടുക്കൽ വന്നു.



“എനിക്ക് മനസ്സു് ശുദ്ധമാക” എന്ന് യേശു അവനോട് പറഞ്ഞു. സഹായികൾ നോക്കി നിൽക്കേ ആ കുഷ്ടരോഗി പൂർണമായും സൗഖ്യമായി.



ദൈവപുത്രനു മാത്രമേ അതു ചെയ്യുവാൻ കഴിയുകയുള്ളു. തങ്ങൾക്കൊരു



അത്ഭുതവാനായ യജമാനനെയാണ് കിട്ടിയിരിക്കുന്നതെന്ന് യേശുവിന്റെ ശിഷ്യന്മാർ

അറിഞ്ഞു.

# യേശു പന്ത്ര് സഹായികളെ തിരഞ്ഞെടുക്കുന്നു

ദൈവവചനത്തില് നിന്നും ഒരു കഥ.

ബൈബിളില് നിന്നുംഎടുത്തത്.

മത്തായി 4–7, മർക്കൊസ് 1, ലൂക്കൊസ് 6

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കീർത്തനം 119:130

അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ
സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും
ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന്
ദൈവത്തിനറിയാം അതിനെ
പാപമെന്ന് വിളിക്കുന്നു പാപത്തിനുള്ള
ശിക്ഷ മരണമാണ് .എന്നാൽ ദൈവം
നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ
മകനായ യേശുവിനെ നമ്മുടെ
പാപങ്ങള്ക്ക്  വേണ്ടി ക്രുശിൽ
മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക്
അയച്ചു യേശു മരണത്തില്നിന്നും
ഉയിര്ത്തെഴുന്നേറ്റു സ്വര്ഗ്ഗത്തിൽ

ഇത് നിങ്ങൾ വിശ്വസിക്കുന്നു
എങ്കിൽ ദൈവത്തോട് ഈപ്രകാരം
പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു
ഞാൻ വിശ്വസിക്കുന്നു, എന്റെ
പാപങ്ങൾക്കായി മരിപ്പാൻ
മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും
ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ
ക്ഷമിക്കേണമേ എനിക്ക് പുതിയൊരു
ജീവിതം തരേണമേ. ഒരു ദിവസം
നിന്നോട് കൂടെ ഞാൻ നിരന്തരം
ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ